കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോളൂർ ഗ്രാമ പഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി3)23/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in

തീയതി: 05.02.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തോളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : **തോളൂർ** ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡിക 3-16 ലേയ്ക്കു് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി3)23/2019 തീയ്യതി: 05.02.2019

തൃശ്ശൂർ ജില്ലയിലെ തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ **തോളൂർ** ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.08.2017 മുതൽ 31.03.2018 തിയതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 31.03.18 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ **ഗ്രാമ പഞ്ചായത്തിന്റെ** ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ.സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ
ഓഡിറ്റിന് വിനിയോഗിച്ച സമയം	22.11.2018 മുതൽ 30.11.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സാബു.പി.എസ്	ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ബേബി.പി.വി	ഓഡിറ്റ് ഓഫീസർ
ശ്രീ.ശിവദാസൻ.എ.കെ	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സ്റ്റാൻലി.പി.എസ്	സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.വി.എസ്	ഓഡിറ്റർ

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	ശ്രീമതി.രാധ രവീന്ദ്രൻ	01.04.2017 മുതൽ 31.03.2018 വരെ
സെക്രട്ടറി	ശ്രീ.ഉണ്ണികൃഷ്ണൻ.കെ	01.04.2017 മുതൽ 31.03.2018 വരെ
നിർവ്വഹണ ഉദ്യോഗസ്ഥർ		
ഉദ്യോഗപ്പേര്	**പേര്**	**കാലയളവ്**
കൃഷി ഓഫീസർ	ശ്രീ.സുകുമാരൻ.കെ.എ	01.04.2017 മുതൽ 31.03.2018 വരെ
അസി.എഞ്ചിനീയർ	ശ്രീമതി. നിമിഷ.വി.കൃഷ്ണൻ	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	ഡോ.ബേസിൽ ജോസഫ്	01.04.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, ആയുർവേദം	ഡോ. എ.നീലകണ്ഠൻ	01.04.2017 മുതൽ 31.07.2017 വരെ
	ഡോ.ഷൈനി.കെ.എം	01.08.2017 മുതൽ 31.03.2018 വരെ
മെഡിക്കൽ ഓഫീസർ, ഹോമിയോ	ഡോ.ഹിന ജോയ്	01.04.2017 മുതൽ 31.03.2018 വരെ
വി.ഇ.ഒ. തോളൂർ സർക്കിൾ	ശ്രീമതി.സിന്ധു.പി	01.04.2017 മുതൽ 06.07.2017 FN വരെ
	ശ്രീ.പ്രസൂൺ പവിത്രൻ	06.07.2017 AN മുതൽ 31.03.2018 വരെ
വി.ഇ.ഒ. എടക്കളത്തൂർ സർക്കിൾ	ശ്രീമതി.രശ്മി.ആർ.നായർ	01.04.2017 മുതൽ 03.07.2017 FNവരെ
	ശ്രീ.ബാബു.പി.സി	03.07.2017 AN മുതൽ 31.03.2018 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി.ഡോണ വിജയൻ	01.04.2017 മുതൽ 05.11.2017 വരെ
	ശ്രീമതി.ഐശ്വര്യ മോൾ ഫ്രാൻസിസ്	06.11.2017 മുതൽ 09.01.2018 വരെ
	ശ്രീമതി.ഡോണ വിജയൻ	10.01.2018 മുതൽ 18.02.2018 വരെ
	ശ്രീമതി.ഐശ്വര്യ.വി	19.02.2018 മുതൽ 31.03.2018 വരെ
വെറ്ററിനറി സർജൻ	ഡോ. വിനോദ് കുമാർ.ടി.ജി	01.04.2017 മുതൽ 31.03.2018 വരെ
പ്രധാന അദ്ധ്യാപിക	ശ്രീമതി.സെലീന.ഇ.കെ	01.04.2017 മുതൽ 31.03.2018 വരെ
ഡയറി ഫാം ഇൻസ്ട്രക്ടർ	ശ്രീമതി.സുഷമ.സി.വി	01.04.2017 മുതൽ 06.12.2017 വരെ
	ശ്രീ.റിച്ചാർഡ് ജോർജ്ജ്	07.12.2017 മുതൽ 07.03.2018 വരെ
	ശ്രീമതി.സുഷ്മിത.കെ.എസ്	08.03.2018 മുതൽ 31.03.2018 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീ.ഇ.എൻ.ഹരിനാരായണൻ	01.04.2017 മുതൽ 31.03.2018 വരെ

ഉള്ളടക്കം

ക്രമ നം.	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.	1-3
4	സാമ്പത്തിക വിശകലനം (Receipt and Payment Schedule പ്രകാരം)	1-4
5	ഫണ്ട് വിനിയോഗം	1-5
6	പദ്ധതി അവലോകനം.	1-6
7	തൊഴിലുറപ്പ് പദ്ധതി	1-7
8	ക്ഷേമപദ്ധതികൾ	1-8
9	ക്യാഷ് പരിശോധന	1-9
10	ആഭ്യന്തരനിയന്ത്രണം	1-10
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-11
12	വാർഷിക കണക്കുകളിലെ അപാകതകൾ	1-12
	ഭാഗം 2	
13	ബജറ്റ്	2-1
14	ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ	2-2
15	തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ	2-3
16	വാടക - ബൈലോ ഹാജരാക്കിയില്ല	2-4
17	വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ	2-5
18	മേഞ്ചിറ കോൾപ്പടവ് കൃഷിയുടെ വരവ് ചെലവ് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.	2-6
19	ടെണ്ടർ ഫീസ് ലഭ്യമായില്ല	2-7
	ഭാഗം 3	
20	വിവാഹധനസഹായം: അധികധനസഹായം നൽകി.	3-1
21	എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിലെ നിരീക്ഷണങ്ങൾ	3-2
22	എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് പദ്ധതി നടത്തിപ്പിലെ അപാകതകൾ	3-3
23	ഹരിതസമൃദ്ധി – സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം രാസ/ജൈവവളത്തിന് പെർമിറ്റ് അനുവദിച്ചു.	3-4
24	കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം മുടങ്ങിയ കാലിത്തീറ്റയുടെ വില കുറവു ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.	3-5
25	മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുൾപ്പെടുത്തിയ പ്രോജക്ടുകളിലെ അപാകതകൾ	3-6
26	തൊഴിലുറപ്പിന് മെറ്റീരിയൽ സപ്ലൈ - ടെൻഡർ നടപടിക്രമങ്ങൾ സുതാര്യമല്ല.	3-7
27	മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.	3-8
28	ആയുർവേദ മരുന്നുകൾ യഥാ സമയം ലഭ്യമാകുന്നില്ല.	3-9
29	സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ.	3-10
30	ടി.എച്ച്.ആർ.എസ്.ഭക്ഷ്യ മിശ്രിതം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയില്ല.	3-11
31	ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല.	3-12

32	അങ്കണവാടി സുരക്ഷിതത്വം - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.	3-13
33	പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ പോരായ്മകൾ	3-14
34	കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ	3-15
35	കാനനിർമ്മാണപ്രൊജക്ടുകളിൽ നിന്നും ലഭ്യമായ മണ്ണ് വിനിയോഗിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായില്ല	3-16
36	പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു	3-17
37	സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല	3-18
38	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തോളൂർ സർക്കിൾ) നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലെ വീടിന് മുഴുവൻ ധനസഹായം നൽകിയില്ല	3-19
39	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടക്കളത്തൂർ സർക്കിൾ) നടപ്പിലാക്കിയ പദ്ധതികളുടെ അപാകത	3-20
	ഭാഗം 4	
40	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4.1
41	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4.2
42	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4.3
43	വായ്പ/ വായ്പ തിരിച്ചടവ്	4.4
44	സ്ഥിരനിക്ഷേപം	4.5
45	ഓഡിറ്റ് റിക്കവറി	4.6
46	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4.7
47	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4.8
48	ഓഡിറ്റ് പ്രത്യവലോകനം	4.9
49	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4.10
50	അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്	
51	അനുബന്ധം-1 ഓഡിറ്റ് സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം
പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് 24.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 19.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.18	01.06.18	13.06.18	30.06.18

1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2017-18	04.07.18, 05.07.18	കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/18(74) തീ. 12.07.18/31.08.18

1-4 സാമ്പത്തിക വിശകലനം (Receipt and Payment Schedule പ്രകാരം)

മുന്നിരിപ്പ്	5381645.00
വരവ്	45738456.00
ആകെ	51120101.00
ചെലവ്	47361806.00
നീക്കിയിരിപ്പ്	3758295.00

1-5 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുൻ ബാക്കി	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)			9394000	9394000	9393397	603 (ലാപ്സായി)
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)			5527622	5527622	5407983	119639 (ലാപ്സായി)
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)			20992	20992	0	20992 (ലാപ്സായി)
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)			7592000	7592000	7592000	0
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)			2591000	2591000	2352243	238757 (ലാപ്സായി)
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)			4411909	4411909	4411811	98 (ലാപ്സായി)
കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)			1955104	1955104	1948391	6713 (ലാപ്സായി)
സാക്ഷരത		---	---	-----	----	-----
ദുരിതാശ്വാസനിധി		12994	3972	16966	2000	14966
എം.ജി.എൻ.ആർ.ഇ.ജി.എസ്	തൊഴിലാളികളുടെ കൂലി		8278970	8278970	8278970	
	അഡ്മിനിസ്ട്രേറ്റീവ് ചെലവ്	104866	333052	437918	435469	2449
	മെറ്റീരിയൽ		4144248	4144248	4144248	

	ആകെ	104866	12756270	12861136	12858687	2449
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - ICDS		352183	421364	773547	349867	423680
-- ആശ്രയ		388347	0	388347	388347	0
സംസ്ഥാനാവിഷ്കൃതഫണ്ടുകൾ -ബയോഗ്യാസ് പ്ലാന്റ്		75355	204583	279938	16289	263649
---വിമുക്തി		25000	12500	37500	18440	19060
ജോയിന്റ് വെഞ്ചർ അക്കൗണ്ട്	ബ്ലോക്ക് പഞ്ചായത്ത്	0	590000	590000	356500	233500
	ജില്ലാ പഞ്ചായത്ത്	2000	400000	400000 2000refunded	347200	52800
ബി ഫണ്ട്						
തൊഴിൽ രഹിതവേതനം		0	42720	42720	41040	1680(Rop)
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം		0	180000	180000	180000	0
ജനറൽ പർപ്പസ് ഗ്രാന്റ്		2700004	6185000	8885004	7645998	1239006
തനത് ഫണ്ട്	ബാങ്ക് അക്കൗണ്ട്	1296762	3483932	5280694	4027105	1253589
	ട്രഷറി അക്കൗണ്ട്	2700004	6185000	8885004	7645998	1239006

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

അംഗീകാരം ലഭിച്ചത്(എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
140	27942964	109	21161582	28	3	77.85%

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ

1) വനിത സ്വയം തൊഴിൽ സംരഭ പദ്ധതി ജനറൽ- കാറ്ററിംഗ് യൂണിറ്റ്

2) വനിത വ്യവസായ കേന്ദ്രം

3) പറച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	104866	333052	437918	435469	2449
തൊഴിലാളികളുടെ കൂലി		8278970	8278970	8278970	-
സാധനവില + തൊഴിലാളികളുടെ കൂലി	4144248	4144248	4144248	4144248	-

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	41040	70
കർഷകതൊഴിലാളി പെൻഷൻ	7115700	585
വിധവാപെൻഷൻ	10410600	863
വാർദ്ധക്യകാലപെൻഷൻ	13498300	1003
വികലാംഗപെൻഷൻ	2678400	2323
അവിവാഹിത പെൻഷൻ	1420600	120
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	180000	6

1-9 ക്യാഷ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.11.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,045/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

തോളൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.

2. പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് അക്കൗണ്ടിംഗ് മാന്വൽ നിലവിലില്ല.

3. കാഷിന്റെ പരിപാലനചുമതലകൾ നിറവേറ്റുന്നതിനായി ഒരു ഉദ്യോഗസ്ഥനെ കാഷ്യറായി നിയോഗിച്ചതായി അറിയിച്ചെങ്കിലും ബന്ധപ്പെട്ട ഓഫീസ് ഓർഡർ ലഭ്യമായില്ല. ഡേബുക്കിൽ കാഷ്യർ സാക്ഷ്യപ്പെടുത്തുന്നുമില്ല.

5. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

6. ആസ്തി രേഖപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ സചിത്ര സോഫ്റ്റ് വെയറിലും രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

9. ചെസ്ററിൽ സൂക്ഷിക്കുന്ന ആധാരങ്ങൾ, മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വിവരം, കൈമാറ്റം എന്നിവ നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോമൻസ് ഓഡിറ്റ്	16.10.2018	09/2018	ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07.01.2011 മുതൽ 19.01.2011 വരെ	2005-06 മുതൽ 2009-10 വരെ	02.01.2011

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

തോലൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 17-18-ലെ Net increase/decrease in cash and cash equivalents ആയി രേഖപ്പെടുത്തിയിരിക്കുന്നത് 16,23,350/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2017-18 കാലയളവിൽ 'Net cash generated by operating+investing+Financing Activity' ആയി രേഖപ്പെടുത്തിയിരിക്കുന്നത് 57,72,802/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻറേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ രേഖപ്പെടുത്തിയിരിയ്ക്കുന്ന സ്ഥിരാസ്തികളുടെ മൂല്യം പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തൽ ആസ്തി രജിസ്റ്ററിൽ നടത്തിയില്ല. കൂടാതെ Ist, Final Bill ആയ പ്രവൃത്തികളുടെ മൂല്യം എന്നിവ ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11-ലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കുന്നതിനായില്ല.

4. സാമൂഹ്യക്ഷേമ പെൻഷനുകളുടെ സ്റ്റേറ്റ്മെന്റ് പ്രകാരം വാർദ്ധക്യകാല പെൻഷൻ 1,34,98,300/- രൂപ കാണുന്നു. ആയത് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഇൻകം ആന്റ് എക്സ്പെന്റിച്ചർ ഷെഡ്യൂൾ 1-6 & 1-14(d).

5. ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ (ഐ-18) പ്രകാരം "280000000- Prior period item" എന്ന ശീർഷകത്തിൽ Prior period income – Property Tax on Residential Building (280100101) എന്ന ഹെഡ്ഡിൽ 326507/- രൂപയും Prior period income – Property Tax on Non Residential Building (280100104) എന്ന ഹെഡ്ഡിൽ 14704/- രൂപയും കാണുന്നു. ആയതുമായി ബന്ധപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നോ, കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

6. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(a)ൽ ക്യാപ്പിറ്റൽ വർക്കിങ്ങ് പ്രോഗ്രസായി ₹3651150/- രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ആയതിന്റെ കൃത്യത പരിശോധിക്കുന്നതിനായുള്ള രേഖകൾ (കാൽക്കുലേഷൻ ഷീറ്റ്) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

7. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന വസ്തു നികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ് വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തു നികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ് വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി. രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തു നികുതി ഡി.സി.ബി. രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷിക കണക്കുകളും, ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>കുടിശ്ശിക – ഡി.സി.ബി. (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ)</u>

	ഡിമാന്റ്	കളക്ഷൻ	ബാക്കി	യഥാർത്ഥത്തിൽ വരേണ്ടുന്ന നീക്കിയിരിപ്പ്
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	5,44,611	533013	0	11,598
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	4,31,942 (Bal. Sche. B15 of 2016-17- 348764+104775 --------------------- x100) 105	533013	ബാലൻസ് ഷീറ്റ് B-15 പ്രകാരം ബാലൻസ് ഇല്ല	-1,01,071 ഡിമാന്റിനേക്കാൾ കൂടിയ തുകയാണ് കളക്ഷനായി വന്നിരിക്കുന്നത്

<u>തൻവർഷം - ഡി.സി.ബി.</u>

റെസിഡൻഷ്യൽ & നോൺ-റെസിഡൻഷ്യൽ

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി	റിമാർക്ക്
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	1791794	1615062	203425	33010 (Non Res.)	ഡിമാന്റിനേക്കാൾ കൂടുതലാണ് കളക്ഷൻ
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	1791794	1615062	-	33010 (Non Res.)	ഡിമാന്റിൽ നിന്നും കളക്ഷൻ കുറച്ചാൽ കിട്ടുന്ന ബാലൻസ് 1,76,732/- രൂപയാണ്.
	(ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1	(റസീറ്റ് & പെയ്മെന്റ് പത്രിക), ഷെഡ്യൂൾ ആർ.പി.-43		(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)	

<u>ഭാഗം -2</u>

<u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

<u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

2-1 ബജറ്റ്

ഗ്രാമപഞ്ചായത്തുകളിലെ ബജറ്റ് രൂപീകരണം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും സെക്ഷൻ 214 പ്രകാരം സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തിയ്യതിക്ക് മുൻപായി ബന്ധപ്പെട്ട സ്റ്റാൻറിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചു കൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ വരും വർഷത്തെ പ്രവർത്തനങ്ങളുടെ പ്രവർത്തന രേഖയായ വാർഷിക ബജറ്റിന്റെ രൂപീകരണത്തിലും നടപടിക്രമങ്ങളിലും ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ഉൾപ്പെടെയുള്ള സ്റ്റാൻറിംഗ് കമ്മിറ്റികളുടെ കാര്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി തയ്യാറാക്കുന്ന സുപ്രധാന രേഖയാണ് ബജറ്റ്. തദ്ദേശ സ്ഥാപനങ്ങളുടെ കാഴ്ചപ്പാടും ലക്ഷ്യവും സാക്ഷാൽക്കരിക്കാൻ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ നിർദ്ദേശവും ഇടപെടലുകളും അനിവാര്യമാണ്.

ബജറ്റ് രൂപീകരണത്തിന്റെ പ്രാരംഭ നടപടിയായി സെക്രട്ടറി ഉദ്യോഗസ്ഥരുടെ/ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കേണ്ടതും ചർച്ചകൾ നടത്തി ബജറ്റ് നിർദ്ദേശങ്ങൾ നിശ്ചിത ഫോർമാറ്റിൽ സ്വീകരിക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ മറ്റ് സ്റ്റാൻറിംഗ് കമ്മിറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകേണ്ടതും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജനുവരി 15 മുമ്പ് ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുമാണ്. ബജറ്റ് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാൻറിംഗ്

കമ്മിറ്റികൾ ചർച്ചചെയ്യേണ്ടതും വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ജനുവരി 15-ാം തിയതിക്കു മുമ്പേ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചതായോ രേഖപ്പെടുത്തി കാണുന്നില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ബജറ്റ് ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്തിനുമുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി തയ്യാറാക്കി ജനറൽ കമ്മിറ്റിയിലേക്ക് ശുപാർശ ചെയ്തിരിക്കുന്നത് 20.03.17നാണ്. ബജറ്റ് ഭരണസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടിയിരിക്കുന്നത് 24.03.2017 നാണ്.

പുതിയ നികുതി നിർദ്ദേശങ്ങളോ അത്തരത്തിലുള്ള ചർച്ചകളോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വരുമാന വർദ്ധനവിലുപരി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കാൻ ഉതകുന്ന കാര്യക്ഷമമായ ഇടപെടലുകൾ എന്നിവ സ്റ്റാൻറിംഗ് കമ്മിറ്റികളുടെ ഭാഗത്തു നിന്ന് ഉണ്ടാകാവുന്നതാണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ(i) പ്രകാരം ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റികൾ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാൻറിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത വിഷയങ്ങൾ എന്നിവ കൈകാര്യം ചെയ്യേണ്ടതാണ്.

2-2 ഡി & ഓ ലൈസൻസ് സംബന്ധിച്ച അപാകതകൾ

1. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ പത്രം ഹാജരാക്കിയതായി കാണുന്നില്ല.

കെട്ടിട നമ്പർ	സ്ഥാപനം	ഡി & ഓ രജിസ്റ്റർ പ്രകാരമുള്ള യന്ത്രശക്തി
XIII/398	അമൃതം ഫുഡ് സപ്ലിമെന്റ്	18 HP
VII/54	ആട്ടോക്കാരൻ സോമിൽ	42 HP
VII/278	സെന്റ് ആന്റണീസ് സോമിൽ	21 HP
VII/43	കല്പക ഓയിൽ ഇൻഡസ്ട്രീസ്	35 HP
X/256	സി.എൽ.ബി. ഓയിൽ മിൽ	50 HP
V/82A	സിൽവർ കോണ്ടിമെന്റ്സ്	30 HP
V/105	സെന്റ് ജോസ് സോമിൽ	42.5 HP

ഡി & ഓ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മുഴുവൻ രേഖകളും ലഭിച്ചുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2-3 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

1) താഴെ പറയുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധവർഷങ്ങളിലേയും സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

ക്രമ നം.	റൂം നം.	സ്ഥാപനം
1	VII/690	പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് വളം വില്പന കേന്ദ്രം
2	VII/693	പറപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് നീതി മെഡിക്കൽസ്
3	VII/671	സേവന ഹൈടെക് ലാബ്
4	I/301-I	അറയ്ക്കൽ ഫുട്ട്വെയർ
5	XII/324A	മൂൺലൈറ്റ് അലുമിനിയം ഫേബ്രിക്കേഷൻ
6	XII/324B	കെ.കെ.സൺസ് ഫർണീച്ചർ

2) നന്ദനം ഗാർമെന്റ്സ്(XIII/266), നന്ദനം ആയുർവേദിക്സ്(XIII/268) എന്നീ രണ്ട് സ്ഥാപനങ്ങൾക്കും കൂടി 2017-18 വർഷത്തിൽ 600/- രൂപ തൊഴിൽ നികുതി അടവാക്കിയതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യസ്ത സ്ഥാപനങ്ങളായതിനാൽ രണ്ടിനും പ്രത്യേകം സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3) ഡി & ഓ ലൈസൻസിനുള്ള അപേക്ഷ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിന് അനുസരിച്ച് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	ജീവനക്കാരുടെ എണ്ണം
1	അമൃതം ഫുഡ് സപ്ലിമെന്റ്	10 ജീവനക്കാർ
2	അറങ്ങാശ്ശേരി സിമന്റ് പ്രൊഡക്ട്സ്	6 പേർ
3	സിൽവർ കോണ്ടിമെന്റ്സ്	18 പേർ

4) കരാറുകാർ, അഭിഭാഷകർ, സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. നിയമാനുസൃതം ഈടാക്കേണ്ട തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2-4 വാടക - ബൈലോ ഹാജരാക്കിയില്ല

നിലവിൽ ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ നാല് കടമുറികളും വനിതാ വ്യവസായ കേന്ദ്രത്തിൽ അഞ്ച് കടമുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ട്. അത് പോലെ തന്നെ രാജീവ് ഗാന്ധി കമ്മ്യൂണിറ്റി ഹാൾ, പോന്നോർ കമ്മ്യൂണിറ്റി ഹാൾ എന്നിവയും വാടകയ്ക്ക് നൽകി വരുന്നുണ്ട്. എന്നാൽ വാടക സംബന്ധിച്ച ബൈലോ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 4/24.11.2018 നുള്ള മറുപടിയിൽ ബൈലോ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്ത് ഭരണസമിതിയുടെ 28.03.2017 ലെ 7(1) നമ്പർ തീരുമാന പ്രകാരമാണ് വാടകക്കാരിൽ നിന്നും വാർഷിക വർദ്ധനവ് ഈടാക്കുന്നത് എന്നും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത തീരുമാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ നാല് കടമുറികളുടെ വാടക 10% വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ച് മാത്രമാണ് പരാമർശിച്ചിട്ടുള്ളത്. നിലവിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് 10% വർദ്ധനവും വനിതാ വ്യവസായ കേന്ദ്രത്തിലെ മുറികൾക്ക് 5% വർദ്ധവുമാണ് ഈടാക്കുന്നത്. വാടക ഈടാക്കുന്നതിൽ ഏകീകൃതമായ രീതി അവലംബിക്കേണ്ടതാണ്. ബൈലോ തയ്യാറാക്കിയിട്ടില്ലെങ്കിൽ എത്രയും പെട്ടെന്ന് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്.

2-5 വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച അപാകതകൾ

1) കയ്യറമ്പിൽ സുബ്രമണ്യൻ മകൾ സുനിൽ, സുജിത് എന്നിവരുടെ വാണിജ്യ കെട്ടിടത്തിന് പൂർത്തീകരണ പ്ലാൻ പ്രകാരം ഒന്നാമത്തെ നിലയിൽ 257.8 m^2 വിസ്തീർണ്ണം കാണുന്നു, എന്നാൽ മുറികൾക്ക് VII/33M മുതൽ T വരെ നമ്പർ നൽകിയപ്പോൾ യഥാക്രമം 5.43m^2, 12.92m^2, 24.32m^2, 24.32m^2, 24.32m^2, 24.32m^2, 24.32m^2, 12.16m^2 എന്നിങ്ങനെ മൊത്തം 152.11 m^2 വിസ്തീർണ്ണത്തിനുമാത്രമേ നികുതി ഈടാക്കിയിട്ടുള്ളു. നികുതിയിൽ നിന്നും ഒഴിവാക്കിയ വിസ്തീർണ്ണത്തിന്റെ വിവരം വ്യക്തമാക്കിയിട്ടില്ല. പൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന ഭാഗത്തിന്റെ വിസ്തീർണ്ണം എല്ലാ മുറികൾക്കുമായി വിഭജിച്ച് നൽകി വസ്തു നികുതി കണക്കാക്കിയിട്ടില്ല.

2) എടക്കളത്തൂർ പൗലോസ് മകൻ വർഗ്ഗീസ് എന്നയാളുടെ വാണിജ്യ കെട്ടിടത്തിന് പൂർത്തീകരണ പ്ലാൻ പ്രകാരം 239.68m^2 വിസ്തീർണ്ണം കാണുന്നു, എന്നാൽ VII/557B മുതൽ Gവരെ മുറികൾക്ക് നമ്പർ നൽകിയപ്പോൾ യഥാക്രമം 32.83m^2, 31.02m^2, 25.33m^2, 28.6m^2, 31.02m^2, 25.33m^2 എന്നിങ്ങനെ മൊത്തം 174.13 m2വിസ്തീർണ്ണത്തിനുമാത്രമേ നികുതി ഈടാക്കിയിട്ടുള്ളൂ.

3) ഷീല ഡേവീസ്, ചിറ്റിലപ്പിള്ളി ഹൗസ് എന്നിവരുടെ വാണിജ്യ കെട്ടിടത്തിന് പൂർത്തീകരണ പ്ലാൻ പ്രകാരം ഒന്നാമത്തെ നിലയിൽ 74.44 m^2 വിസ്തീർണ്ണം കാണുന്നു, എന്നാൽ മുറികൾക്ക് X/31 K മുതൽ O വരെ നമ്പർ നൽകിയപ്പോൾ യഥാക്രമം 12.4m^2 , 10.13m^2 , 10.13m^2 , 10.13m^2 , 10.13 m^2 എന്നിങ്ങനെ മൊത്തം 52.92 m^2 വിസ്തീർണ്ണത്തിനുമാത്രമേ നികുതി ഈടാക്കിയിട്ടുള്ളു. അതുപോലെത്തന്നെ ബിൽഡിംഗ് പെർമിറ്റ് പ്രകാരം നിലവിലുള്ള വിസ്തീർണ്ണം 27.83m^2 എന്നും അനുമതി ആവശ്യമുള്ളത് 98.55m^2 എന്നുമാണ് രേഖപ്പെടുത്തിയിരുന്നത്, എന്നാൽ പൂർത്തീകരണ പ്ലാനിൽ നിലവിലുള്ളത് 71.10m^2 എന്നും പൂർത്തീകരിച്ചത് 74.44m^2 എന്നുമാണ് കാണിച്ചിരിക്കുന്നത്. നിലവിലുള്ള കെട്ടിടത്തിന്റെ അളവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല, അതോടൊപ്പം തന്നെ അധിക നിർമ്മാണത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയതായും കാണുന്നില്ല.
മേൽ പറഞ്ഞവയുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2-6 മേഞ്ചിറ കോൾപ്പടവ് കൃഷിയുടെ വരവ് ചെലവ് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.

31.10.16 ലെ പഞ്ചായത്ത് ഭരണസമിതി യോഗം തീരുമാനം നം. 4(1) പ്രകാരം മേഞ്ചിറ കോൾപ്പടവിൽ തരിശായി കിടക്കുന്ന 20 ഏക്കർ ഭൂമിയിൽ പഞ്ചായത്ത് നേരിട്ട് കൃഷിയിറക്കുന്നതിനും കൃഷി ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥനായി നിയോഗിക്കുന്നതിനും തീരുമാനിച്ചിരുന്നു. കൃഷി ചെലവ് കഴിച്ച് ബാക്കി തുക പഞ്ചായത്തിൽ അടവാക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തികവർഷം ചെലവ് കഴിച്ച് 2,65,000/- രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ സമർപ്പിച്ച കണക്കുകളിൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തിയതായി കാണുന്നില്ല. വരവ് ചെലവ് കണക്കുകൾ സംബന്ധിച്ച് പഞ്ചായത്ത് മോണിറ്ററിംഗ് നടത്തിയതിന്റെ വിവരങ്ങളും ലഭ്യമല്ല. വരവ് ചെലവ് കണക്കുകൾ കൃത്യമായി മോണറ്ററിംഗ് നടത്തുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സുതാര്യമാക്കേണ്ടതുമാണ്.

2-7 ടെണ്ടർ ഫീസ് ലഭ്യമായില്ല

പഞ്ചായത്ത് പ്രവൃത്തികളുടെ ഇ ടെണ്ടർ നടത്തുമ്പോൾ കരാറുകാർ അടക്കുന്ന ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. എന്നാൽ നാളിതുവരെ നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ഈയിനത്തിൽ ഇതേവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. തൻവർഷം നടത്തിയ ഇ-ടെണ്ടറുകളെ സംബന്ധിച്ച് പഞ്ചായത്ത് ഹാജരാക്കിയ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്ടിന്റെ നം/ പേര്	ടെണ്ടർ ഫീസ്	പങ്കെടുത്ത വരുടെ എണ്ണം	ലഭിക്കേണ്ട തുക
1.	82/17,പള്ളി നാഗത്താൻ കാവ് റോഡ് റീടാറിംഗ്	1000	2	2000
2.	83/17,ചാലക്കൽ റോഡ് റീടാറിംഗ്	1000	2	2000
3.	88/17,പോന്നോർ സ്കൂൾ പുനരുദ്ധാരണം	1000	3	3000
4.	129/17,പറപ്പൂർ പള്ളി നാഗത്താൻ കാവ് റോഡ് കാന നിർമ്മാണം	1785	4	7140
5.	151/17,പറപ്പൂർ പള്ളി നാഗത്താൻ കാവ് റോഡ് കാന നിർമ്മാണം,സെക്കന്റ് റീച്ച്	1400	2	2800
6.	92/17,വിവിധ വാർഡുകളിൽ കോൺക്രീറ്റ് കാനനിർമ്മാണം	1600	2	3200
ആകെ				20140

പഞ്ചായത്തിന്റെ തനത് വരുമാനമായ ടെണ്ടർ ഫീസ് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീസ് ഇനത്തിൽ നാളിതുവരെ ലഭ്യമാകേണ്ട തുകയുടെ വിശദാംശങ്ങൾ നിരീക്ഷിക്കാൻ ആവശ്യമായ നടപടികളും പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വിവാഹധനസഹായം: അധികധനസഹായം നൽകി.

പ്രോജകട് നമ്പർ.92/18

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം.

ബിൽ നമ്പർ. 4/17-18 തിയ്യതി.28/09/2017

ബിൽ തുക.300000.

സാംഖ്യ ബിൽ നമ്പർ.299173 തിയ്യതി. 26.07.2017

ബിൽ തുക.225000

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ.80/2017/തസ്വഭവ, തി.03/04/2017 ഖണ്ഡിക 11.5(1) പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ രക്ഷാകർത്താക്കളുടെ പെൺമക്കൾക്ക് വിവാഹധനസഹായമായി 75000 രൂപ അനുവദിക്കാവുന്നതാണ്. ഈ ഉത്തരവിന് 03-04-2017 മുതൽക്കേ പ്രാബല്യമുള്ളൂ എന്നിരിക്കെ അതിന് മുൻപ് വിവാഹം നടത്തിയ താഴെ ചേർക്കുന്ന രണ്ട് പേർക്ക് ഇതേ കാലയളവിൽ അനുവദിക്കാവുന്ന തുകയായ 50000 രൂപക്കുപകരം 75000 രൂപ വീതം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടില്ല. അധികം നൽകിയ 50000 രൂപയുടെ ചിലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	വിവാഹതിയ്യതി	അനുവദിച്ച ധനസഹായം	അനുവദനീയ ധനസഹായം	അധികം
1	സീത.കെ.കെ പിള്ളാറ്റിൽ വീട്.പോന്നോർ	29/01/2017സർട്ടിഫിക്കറ്റ് നമ്പർ.822/17	75000	50000	25000
2	ചിറകാളി. മൂക്കോല വീട്,തോളൂർ	19/09/2016 സർട്ടിഫിക്കറ്റ് നമ്പർ.8027/2017	75000	50000	25000
ആകെ					50000

3-2 എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിലെ നിരീക്ഷണങ്ങൾ

2017-18 സാമ്പത്തിക വർഷം ഗവൺമെന്റ് യു.പി.സ്കൂൾ എച്ച്.എം. നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

1. പ്രോജക്ട് നമ്പർ. 127/18

എൽ.പി./ യു.പി കുട്ടികൾക്ക് മേശ , കസേര എന്നിവ വാങ്ങി നൽകുന്ന ഈ പ്രോജക്ട് പ്രകാരം ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും 79 എണ്ണം മേശ , കസേര എന്നിവ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

2. പ്രോജക്ട് നമ്പർ. 125/18

എട്ട് , ഒൻപത് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പ്രോജക്ടിന്റെ ഭാഗമായി 83 കുട്ടികൾക്ക് സഫാരി ട്രേഡിംഗ് കമ്പനിയിൽ നിന്ന് സൈക്കിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആകെ ചെലവാക്കിയ തുക 400440/-രൂപ

ഈ രണ്ടു പ്രോജക്ടുകളിലും സ്കൂൾ അധികൃതർ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് ഉത്പന്നങ്ങൾ വിതരണം ചെയ്തതായി കാണുന്നത്. എന്നാൽ ഗ്രാമസഭ ഈ ലിസ്റ്റിന് അംഗീകാരം നൽകിയതായി കാണുന്നില്ല. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017 /തസ്വഭവ തിയ്യതി 03-04-2017 ഖണ്ഡിക 11.8 പ്രകാരം സ്കൂൾ അധികൃതർ തയ്യാറാക്കുന്ന ലിസ്റ്റിന് ഗ്രാമ സഭ സാധൂകരണം നൽകേണ്ടതാണ്. ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയും അംഗീകാരം നൽകിയിട്ടില്ല എന്നു കാണുന്നു. മാർഗ്ഗരേഖ പ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3-3 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്. പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി. സെക്രട്ടറി
പ്രോജക്ട് നമ്പർ.94/18

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങൽ
ബിൽ നം. 6/17-18 തീയതി 22.01.18 തുക 207680/-
ബിൽ നം. 8/17-18 തീയതി 21.03.18 തുക 181720/-
ടെണ്ടർ നോട്ടീസ് നമ്പർ A2-T-94/17 dt. 17/10/17

1. ലാപ്ടോപ്പ് സപ്ലൈ ചെയ്യുന്നതിനായി രണ്ട് സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചതായി പർച്ചേസ് കമ്മിറ്റി മിനുട്ട്സിലുണ്ട്.(26-12-2017 തീരുമാനം.3). എന്നാൽ ഫയൽ പരിശോധിച്ചതിൽ എ ഡോട്ട് കംപ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ ഫോറം മാത്രമേ ഓഡിറ്റിന് ലഭ്യമായുള്ളൂ. നെസ്റ്റ് സിസ്റ്റംസ് ആന്റ് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ടെൻഡർ ക്വോട്ട് ചെയ്ത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടെൻഡർ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പർച്ചേസ് കമ്മിറ്റി എടുത്ത ടെൻഡർ അംഗീകാരത്തിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. നടപടിക്രമങ്ങളുടെ അഭാവത്തിൽ ഈ പദ്ധതിയുടെ ആകെ ചെലവ് ഖണ്ഡിക 3 ൽ തടസ്സപ്പെടുത്തിയത് കഴിച്ച് 337480 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. സപ്ലൈ ചെയ്ത പതിനഞ്ച് എണ്ണം കംപ്യൂട്ടറുകൾ വർക്ക് ഓർഡർ പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ത്തന്നെയുള്ളതാണ് എന്ന് പർച്ചേസിംഗ് കമ്മിറ്റി ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിച്ച് മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പാരലൽ കോളേജിൽ പഠിക്കുന്ന ഗുണഭോക്താക്കളായ വിദ്യാർത്ഥികൾ അവർ യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്ത രേഖ ഹാജരാക്കിയാൽ മാത്രമേ സഹായത്തിന് അർഹത നേടൂ. പക്ഷേ നിഖിൽ.പി.ടി, അശ്വിനി.എം.എ എന്നീ വിദ്യാർത്ഥികൾ കോ-ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജ് എന്ന പാരലൽ കോളേജിലെ വിദ്യാർത്ഥികളാണ്. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്) 80/2017/തസ്വഭവ. തി. 03.04.2017 ഖണ്ഡിക 11.8.7 പ്രകാരം ഇവർ യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവർക്ക് നൽകിയ ലാപ്പ്ടോപ്പിന്റെ വിലയായ 51920 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-4 ഹരിതസമൃദ്ധി - സബ്സിഡി ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനു പകരം രാസ/ജൈവവളത്തിന് പെർമിറ്റ് അനുവദിച്ചു.

പ്രോജക്ട് നമ്പർ.so 11/18
നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

ഈ പ്രോജക്ടിൽ ചാണകപ്പൊടി കിലോക്ക് 10 രൂപ നിരക്കിൽ തെങ്ങൊന്നിന് മൂന്നു കിലോ വീതം വിതരണം ചെയ്യാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 10.5.20 രാസവളം തെങ്ങ് ഒന്നിന് മൂന്നു കിലോ വീതം വിതരണം ചെയ്യാനും ഉദ്ദേശിച്ചിരുന്നു. പദ്ധതി നടപ്പാക്കിയപ്പോൾ രാസവളത്തിനും ജൈവവളത്തിനും അപേക്ഷിച്ച മുഴുവൻ പേർക്കും പറപ്പൂർ ക്ഷീരവ്യവസായ സഹകരണസംഘത്തിലേക്കും, പറപ്പൂർ സർവ്വീസ് സഹകരണ ബാങ്കിലേക്കും വളം വിതരണത്തിനായി പെർമിറ്റ് നൽകുകയാണ് ഉണ്ടായത്. 2017-18 വർഷത്തെ പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്80/2017 സ്വഭവ തിയ്യതി 03-04-17 ൽ ഖണ്ഡിക 2.8 പ്രകാരം നേരിട്ടു വാങ്ങുന്ന സംഗതികളിൽ സബ്സിഡി പണമായി ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകണമെന്നാണ് വ്യവസ്ഥ. അത് പാലിക്കാതെ പദ്ധതി നടപ്പിലാക്കിയത് മാർഗ്ഗരേഖയുടെ ലംഘനമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ആകെ തുക	സബ്സിഡി തുക	ബിൽ നമ്പർ
തെങ്ങിന് രാസവളം	157754	78478	1/17-18 തീയതി 1.3.18
,,	550000	275000	
ചാണകപ്പൊടി	160380	120265	
,,	400000	300000	

3-5 കന്നുകുട്ടി പരിപാലന പദ്ധതി-പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം മുടങ്ങിയ കാലിത്തീറ്റയുടെ വില കുറവു ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 15/17-18

ബിൽ നമ്പർ. 14/17-18 തിയ്യതി. 20.02.18

തുക.262500

ബിൽ നമ്പർ.15/17-18 തിയ്യതി.20.02.18

തുക. 50000

ആകെ ഇരുപത്തഞ്ചു ഗുണഭോക്താക്കൾക്കാണ് മേൽ ബിൽ പ്രകാരം പദ്ധതി ആനുകൂല്യം നൽകിയത്. പദ്ധതി ഏറ്റെടുത്ത ക്ഷീരസഹകരണസംഘത്തിന്റെ ലെഡ്ജർ പരിശോധിച്ചതിൽ താഴെ ചേർത്ത ഗുണഭോക്താവിന്റെ കന്നുകുട്ടി ചത്തു പോയതായി കാണുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഇത്തരം ഗുണഭോക്താക്കളുടെ സബ്സിഡി തുകയിൽ ബാക്കി നിൽക്കുന്ന തുക കുറവ് ചെയ്ത് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

പേര്, വിലാസം	പദ്ധതി അവസാനിപ്പിച്ചതായ കന്നുകുട്ടിയുടെ പ്രായം (ലെഡ്ജർ പ്രകാരം)
ശ്രീനിവാസൻ സി.വി	12-ാം മാസം

3-6 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുൾപ്പെടുത്തിയ പ്രോജക്ടുകളിലെ അപാകതകൾ

നടപടിക്രമങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ വാർഡ് 9 ലെ മുള്ളൂർ കോൺക്രീറ്റ് റോഡ് നിർമ്മാണം എന്ന പ്രോജക്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഫയലിൽ സൈറ്റ് ഡയറി സൂക്ഷിച്ചിട്ടില്ല.

2. സ്കിൽഡ്, സെമിസ്കിൽഡ് തൊഴിലാളികളുടെ മസ്റ്ററോളിൽ തൊഴിലാളികളാരും ഒപ്പിട്ടിട്ടില്ല.

3.എം.ബുക്കിൽ വേതനവേതനേതര ഘടകങ്ങൾ പാസ്സാക്കിയിടത്ത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ ഒപ്പിട്ടിട്ടില്ല.

4.മെഷർമെന്റ് നടത്തിയിട്ടുണ്ടെങ്കിലും അസി.എഞ്ചിനീയർ ചെക്ക് മെഷർമെന്റ് ചെയ്തിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-7 തൊഴിലുറപ്പിന് മെറ്റീരിയൽ സപ്ലൈ. ടെൻഡർ നടപടിക്രമങ്ങൾ സുതാര്യമല്ല.

തൊഴിലുറപ്പു പദ്ധതിക്കായി മെറ്റീരിയൽ സപ്ലൈ. സിംഗിൾ ടെൻഡർ അംഗീകരിച്ചതിന്റെ വ്യക്തമായ കാരണം രേഖപ്പെടുത്തിയിട്ടില്ല.

മെറ്റീരിയൽസ് സപ്ലൈ ചെയ്യുന്നതിനായി (വിവിധയിനം മെറ്റൽ, സാൻഡ് എന്നിവ) 28.01.2017 ൽ സാഗർ വർഗ്ഗീസ് എന്നയാൾ ടെൻഡർ സമർപ്പിച്ചിട്ടുണ്ട്. പ്രൊക്യുവർമെന്റ് കമ്മിറ്റി ടെൻഡർ അംഗീകരിച്ചതായി രേഖയില്ല. 06/07/2017 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നമ്പർ 4(2) പ്രകാരം ടെൻഡർ അംഗീകരിച്ചിട്ടുണ്ട്. മിനുട്ട്സിൽ രണ്ടു പേർ ടെൻഡർ സമർപ്പിച്ചതായി ചേർത്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതു പ്രകാരം ഒരാൾ മാത്രമേ ടെൻഡർ സമർപ്പിച്ചിട്ടുള്ളൂ എന്നു കാണുന്നു. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. സപ്ലൈയറുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പു വച്ചിട്ടുണ്ട്. എഗ്രിമെന്റ് തിയ്യതിയോ, നമ്പറോ ഇല്ല. (ഓഡിറ്റ് എൻക്വയറി നം. 14 തീയതി 28.11.2018).

3-8 മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. തോളൂർ.

പ്രോജക്ട് നം. - SO 22/18, പാലിയേറ്റീവ് കെയർ യൂണിറ്റ്.

ബിൽ നം - 5/2017 18, dtd.23.03.18, തുക - 120000/- (ഗ്രാമ പഞ്ചായത്ത് വിഹിതം)

ചെക്ക് നം. 1770449, dtd.26.3.18, തുക - 80,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

സാന്ത്വന പരിചരണ വിഭാഗം രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനായി 2 ലക്ഷം രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് , തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ.ഉ.(എം.എസ്) നം.80/2017/ തസ്വഭവ തി.03.04.2017 ഉത്തരവ് പ്രകാരം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/ നീതി/ജൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്. മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

3-9 ആയുർവേദ മരുന്നുകൾ യഥാ സമയം ലഭ്യമാകുന്നില്ല.

പ്രോജക്ട് നം. - SO 24/18, ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ

ട്രഷറി ബിൽ നം. 13/2017-18, dtd.06.01.18, തുക - 350000/-

ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കുന്നത് വേണ്ടി മേൽ ട്രഷറി ബിൽ പ്രകാരമുള്ള തുക 06.01.18 ന് ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. 06.01.18 ന് വെള്ളപേപ്പറിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. (സാധുവായ മൂല്യത്തിലുള്ള മുദ്ര പേപ്പറിൽ അല്ല കരാർ ചമച്ചിട്ടുള്ളത്) ടി കരാറിൽ പൈസ ലഭിച്ചതിന് ശേഷം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപ്രകാരം മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭിച്ചതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ഇൻവോയ്സ് നം./തീയതി	തുക	സ്ഥാപനത്തിൽ വരവ് വെച്ച തീയതി
90052534/2.2.18	75314	17.02.18
90058089/15.3.18	58251	25.03.18
90059847/24.3.18	44753	10.04.18
90062197/31.3.18	48340	18.04.18
90065096/28.5.18	40239	01.06.18
90070762/29.6.18	18069	11.07.18
90075323/29.7.18	26287	03.08.18
90080957/18.9.18	13116	24.09.18
90084135/3.10.18	13872	11.10.18
90087670/30.10.18	11760	05.11.18

മരുന്നുകൾ സമയ ബന്ധിതമായി ലഭിക്കുവാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-10 സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ.

2017- 18 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ വിവിധ സ്ഥാപനങ്ങൾക്ക് പണം നൽകിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ടിന്റെ പേര്, നമ്പർ	ബിൽ നം./ തിയതി/ തുക	ആർക്ക് നൽകി	അപാകതകൾ
ഐ.കെ.എം. വിഹിതം. soo1/18.	4/2017-18. 11.7.18. 50400/-	ഐ.കെ.എം. തിരുവനന്തപുരം	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ലൈഫ് ഭവന പദ്ധതി, ബ്ലോക്ക് പഞ്ചായത്തിന് തുക കൈമാറൽ. So145/18.	34/2017-18. 15.3.18. 1132308/	സെക്രട്ടറി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്.	കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല
ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ. so42/18	14/2017-18. 29.8.17. 50000/-	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ആശ്രയ പദ്ധതി തുക കൈമാറൽ soo5/18	22/2017-18 29.11.17. 150000/-	മെമ്പർ സെക്രട്ടറി, സി.ഡി.എസ്.	കൈപ്പറ്റ് രശീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.
പി.എം.എ.വൈ. അധിക വിഹിതം soo2/18	31/2017-18. 6.3.18. 70000/-	സെക്രട്ടറി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്.	- ടി -
പി.എം.എ.വൈ. അധിക വിഹിതം so152/18	33/2017-18. 6.3.18. 19000/-	സെക്രട്ടറി, പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്.	- ടി -
ഐ.എം.എ. ബ്ലഡ് ബാങ്ക്. so55/18	13/2017-18. 29.8.17. 100000/-	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്.	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
കടാംതോട് പള്ളിക്കുളം കുടിവെള്ളപദ്ധതി നവീകരണം s0113/18.	27/2017-18. 18.1.18. 867500/-	കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ തൃശൂർ	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 2439208/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-11 ടി.എച്ച്.ആർ.എസ്.ഭക്ഷ്യ മിശ്രിതം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പ്രോജക്ട് നം.soo 9/18 അങ്കണവാടി പോഷകാഹാരം എന്ന പ്രോജക്ടിൽ അമൃതംഫുഡ് സപ്ലിമെന്റ് യൂണിറ്റ് തോളൂർ എന്ന സ്ഥാപനത്തിൽ നിന്നും വിവിധ തരം ഭക്ഷ്യമിശ്രിതം വാങ്ങിയിട്ടുണ്ട്. ആയത് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ഇൻവോയ്സുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ബിൽ തിയതി.	ഇനം - കി.ഗ്രാം
7.2.18.	ബാലാമൃതം -71 kg.
9.3.18.	ടി.എച്ച്.ആർ എസ്. - 450 kg. കുമാരി പ്ലസ് - 198 kg. ബാലാമൃതം - 73 kg. ജനനി പ്ലസ് - 132 kg.

യൂണിറ്റ് കോസ്റ്റ്.

ടി.എച്ച്.ആർ എസ്. - 70/kg

കുമാരി പ്ലസ് - 75/kg

ജനനി പ്ലസ് - 75/kg

ബാലാമൃതം - 70/kg.

മേൽ പറഞ്ഞ ഇൻവോയ്സുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3-12 ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട് ഹാജരാക്കിയില്ല.

2017–18 വർഷത്തിൽ തോളൂർ പഞ്ചായത്തിലെ 21 അങ്കണവാടികൾ മുഖേന 10279 കിലോഗ്രാം ഭക്ഷ്യമിശ്രിതം അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റ്, തോളൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഐ.സി.ഡി.എസ്. ബി3-312/2010.dtd 18.12.2010സാമൂഹ്യക്ഷേമ ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും മേൽ തീയതിലെ കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഫുഡ് ടെസ്റ്റ് ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ടി.എച്ച്.ആർ.എസ് ഭക്ഷ്യ മിശ്രിതം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

മാസം	ബിൽ തീയതി	ടി.എച്ച്.ആർ.എസ് കി.ഗ്രാം.	കുമാരി പ്ലസ് കി.ഗ്രാം	ജനനി പ്ലസ് കി.ഗ്രാം.	ബാലാമൃതം കി.ഗ്രാം.
4/17	12.4.17	521.5	198	132	65
5/17	6.5.17.	447	196	144	35
6/17	2.6.17.	521.5	190	128	44
7/17	5.7.17.	411	186	128	51
8/17	5.8.17	500.5	188	132	57
9/17	14.9.17	429	188	132	57
10/17	9.10.17.	483	202	132	42
11/17	4.11.17.	447	202	132	47
12/17	7.12.17.	495.5	184	128.	64
1/18	4.1.18.	435	214	146	68
2/18	7.2.18.	518	190	142	71
3/18	10.3.18.	450	198	132	73
ആകെ	-	5659 kg	2336kg	1610 kg	674 kg

<u>യൂണിറ്റ് കോസ്റ്റ്</u>

ടി.എച്ച്.ആർ എസ്. - 70/kg

കുമാരി പ്ലസ് - 75/kg

ജനനി പ്ലസ് - 75/kg

ബാലാമൃതം - 70/ kg.

ഭക്ഷ്യമിശ്രിതം വിതരണം സംബന്ധിച്ച ലാബ് റിപ്പോർട്ട് യഥാ സമയം വാങ്ങി സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

3-13 അങ്കണവാടി സുരക്ഷിതത്വം - ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

തോളൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ തിയതി.22.3.2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതമല്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത പക്ഷം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിടഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാനടപടികൾ പാലിക്കാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മെയ് 30 നകം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഗ്രാമപഞ്ചായത്തിൽ സ്വന്തമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിന്നിട്ടും സർക്കുലർപ്രകാരമുള്ള നടപടികൾ പാലിച്ചിട്ടില്ല. മേൽ സർക്കുലർ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

3-14 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ പോരായ്മകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം സംബന്ധിച്ച് 13-ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ ,യിൽ വിശദമായി നിർദ്ദേശങ്ങളുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ ആസൂത്രണം, നിർവ്വഹണം,മോണിട്ടറിംഗ് എന്നിവ നിർവ്വഹിക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1. റോഡ് കണക്റ്റിവിറ്റി പ്ലാൻ, ഭൂപടം എന്നിവ തയ്യാറാക്കിയിട്ടില്ല</u>

ഗതാഗതമേഖലയിലെ പ്രൊജക്ട് നിർവ്വഹിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 12.10(1) ൽ അനുശാസിക്കുന്നു. ഓരോ റോഡ് നിർമ്മാണ പ്രവൃത്തിയോടൊപ്പവും റോഡ് കണക്റ്റിവിറ്റി ഭൂപടത്തിൽ പ്രസ്തുത റോഡിന്റെ ഭാഗം അടയാളപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ റോഡ് കണക്റ്റിവിറ്റി ഭൂപടവും പദ്ധതിയും തയ്യാറാക്കാതെയാണ് ഗതാഗതമേഖലയിലെ പ്രൊജക്ടുകൾ നടപ്പാക്കിയിരിക്കുന്നത്.

<u>2. ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല</u>

സംരക്ഷണഗ്രാന്റ് വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഉള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണപദ്ധതി ഓരോ തദ്ദേശഭരണസ്ഥാപനവും തയ്യാറാക്കണമെന്ന് മാർഗ്ഗരേഖയിലെ ഖണ്ഡിക 13.6(1) ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കാതെയാണ് ആസ്തി സംരക്ഷണപ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നത്.

<u>3. നിർദ്ദിഷ്ട രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല</u>

മാർഗ്ഗരേഖയിലെ ഖണ്ഡിക 14.6 പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല.

<u>4. രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

1. ആസ്തി രജിസ്റ്ററിന്റെ അച്ചടി പകർപ്പ് കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ സചിത്ര സോഫ്റ്റ് വെയറിലും കാലികമാക്കിയിട്ടില്ല.

2. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ ഖണ്ഡിക 18.3 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും ടി.ആർ. 7 എ ഫാറത്തിലുള്ള കാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നിർദ്ദിഷ്ട ഫാറത്തിലുള്ള കാഷ്ബുക്ക് അല്ല അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കുന്നത്.

3. ജി.ഒ.(പി) നം. 177/2006/21.3.2006 ലെ 26.6 പ്രകാരം ഓരോ നിർവ്വഹണ ഉദ്യോഗസ്ഥനും അനുബന്ധം B-V ഫോറത്തിലുള്ള പ്രൊജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ അസി.എഞ്ചിനീയർ പ്രൊജക്ട് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

<u>5. നിർമ്മാണപ്രവൃത്തികളുടെ വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടില്ല</u>

മാർഗ്ഗരേഖയിലെ ഖണ്ഡിക 6.6(5)പ്രകാരം നിർമ്മാണപ്രവൃത്തികളുടെ പ്രധാന വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ബോർഡ് പ്രവൃത്തി സ്ഥലത്ത് സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ 29.11.18 ലെ ഓഡിററ് എൻക്വയറി നം.15 ന് നൽകിയ മറുപടിയിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

3-15 കുടിവെള്ളപദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ടിന്റെ പേര് : സമഗ്രകുടിവെള്ളപദ്ധതി

പ്രൊജക്ട് നം. : 93/17,67/18

വകയിരുത്തിയ തുക : 465750 (ധനകാര്യകമ്മീഷൻഗ്രാന്റ്)

സാങ്കേതികാനുമതി : നം. 66767/2016-17;

കരാറുകാരൻ : ശ്രീ. ഇ.സി.ബൈജു(എസ്റ്റിമേറ്റ് നിരക്ക്)

ചെലവഴിച്ച തുക :ട്ര.ബി.നം.14/29.6.17;₹306909

അളവ് പുസ്തകം : 9/2016-17

സമഗ്ര കുടിവെള്ളപദ്ധതി എന്ന ഈ പ്രൊജക്ടിൽ കിണർ നിർമ്മാണമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതനുസരിച്ച് മുള്ളൂർ എന്ന സ്ഥലത്ത് അയിനിക്കാട് റോഡിന്റെ വശത്ത് 9 മീറ്റർ ആഴത്തിലും 4 മീറ്റർ വ്യാസത്തിലും തുറന്ന കിണർ നിർമ്മിക്കുന്നതിനാണ് മേൽ തുക ചെലവഴിച്ചിരിക്കുന്നത്. 13 ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ,യിലെ ഖണ്ഡിക 12.7(4)പ്രകാരം ജലലഭ്യത ഉറപ്പ് വരുത്തി വിദഗ്ദ്ധരെ കൊണ്ട് സാക്ഷ്യപ്പെടുത്തി ജലസ്രോതസ്സ് തീരുമാനിച്ച ശേഷമേ കുടിവെള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ പാടുള്ളൂ. എന്നാൽ കിണറിന്റെ സ്ഥാനനിർണ്ണയം നടത്തിയതായുള്ള ഭൂജലവകുപ്പിന്റെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജലലഭ്യത സംബന്ധിച്ച് യീൽഡ് ടെസ്റ്റ് നടത്തിയതിന്റെ റിപ്പോർട്ടും കുടിവെള്ള വിതരണത്തിന് തുടർ പ്രൊജക്ടുകൾ തയ്യാറാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ 30.11.18 ലെ ഓഡിറ്റ് എൻക്വയറി നം.16 ന് പഞ്ചായത്ത് മറുപടി നൽകിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതു വരെ ₹306909 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3-16 കാനനിർമ്മാണപ്രൊജക്ടുകളിൽ നിന്നും ലഭ്യമായ മണ്ണ് വിനിയോഗിച്ചത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമായില്ല

തൻവർഷം നടപ്പാക്കിയ വിവിധ കാനനിർമ്മാണ പ്രോജക്ടുകളിൽ നിന്നും ലഭിച്ച മണ്ണ് അതാത് നിർമ്മാണയിടത്തിലോ മറ്റ് സ്ഥലങ്ങളിലോ ഫില്ലിംഗിനായി ഉപയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് ഭരണസമിതിയെടുത്ത തീരുമാനം ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം.	പ്രൊജക്ട് നം/പേര്/ ചെലവ്	അളവ് പുസ്തകം,പേജ് നം.	ലഭിച്ച മണ്ണിന്റെ അളവ് m^3	കുറിപ്പുകൾ
1.	66/18,വിവിധ വാർഡുകളിൽ കോൺക്രീറ്റ് കാനനിർമ്മാണം/ ട്ര.ബി.നം.15/ 2.6.17; ₹717306	39/ 16-17, 2	30.21	എന്തിന് ഉപയോഗിച്ചു എന്നതിന്റെ സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല
		42/16-17, 3	31.25	കല്ലിംഗൽ റോഡ് ഫില്ലിംഗിന് വിനിയോഗിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.
		41/16-17,2	35.55	
2.	82/18,വൈശ്യം കാവ് കാന നിർമ്മാണം ട്ര.ബി.നം.21/ 25.8.17; ₹73729, ട്ര.ബി.നം.16/ 29.7.17; ₹169301	40/16-17, 2	39.29	എന്തിന് ഉപയോഗിച്ചു എന്നതിന്റെ സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല
3.	90/18,പറപ്പൂർ പള്ളി നാഗത്താൻ കാവ് റോഡ് കാന നിർമ്മാണം,സെക്കന്റ് റീച്ച്/ ട്ര.ബി.നം.23/ 25.8.17; ₹9426, ട്ര.ബി.നം.22/ 25.8.17; ₹325512, ട്ര.ബി.നം.19/ 29.7.17; ₹329196	49/16-17,1	21	പ്രവൃത്തിസ്ഥലത്ത് തന്നെ ബാക്ക് ഫില്ലിംഗിന് വിനിയോഗിച്ചതായി അളവ് പുസ്തകത്തിൽ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടുണ്ട്.
4.	73/18,പറപ്പൂർ പള്ളി നാഗത്താൻ കാവ് റോഡ് കാന നിർമ്മാണം, ട്ര.ബി.നം.26/ 19.10.17; ₹759032	37/16-17,4	67.72	കല്ലിംഗൽ റോഡ് ഫില്ലിംഗിന് വിനിയോഗിച്ചതായി സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്
		37/16-17, 5	4.23	എന്തിന് ഉപയോഗിച്ചു എന്നതിന്റെ സാക്ഷ്യപത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

11-ാം വാർഡിൽ നടത്തിക്കൊണ്ടിരിക്കുന്ന കാനനിർമ്മാണത്തിലെ മണ്ണും മറ്റ് വേയ്സ്റ്റും എടക്കളത്തൂർ കല്ലിംഗൽ റോഡ് നിർമ്മാണത്തിന് വിനിയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് എടക്കളത്തൂർ വാർഡ് മെമ്പർ ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ഹാജരാക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച ഭരണസമിതി തീരുമാനം ലഭ്യമാക്കിയില്ല. മേൽ തീരുമാനം ലഭ്യമാക്കേണ്ടതും പ്രവൃത്തികളിൽ നിന്നും ലഭ്യമാകുന്ന മണ്ണിന്റെ വിനിയോഗവിവരം സംബന്ധിച്ച കൃത്യമായ രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

3-17 പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് തുക മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ചു

13 ാം പദ്ധതി മാർഗ്ഗരേഖയായ 29.3.2017 ലെ ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ,യിലെ ഖണ്ഡിക 13.8(1)(vii) അനുസരിച്ച് റോഡ് സംരക്ഷണം,പരിപാലനം എന്നീ പ്രവർത്തനങ്ങൾക്ക് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പ്രൊജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. തദ്ദേശഭരണവകുപ്പിന്റെ 10.11.2017ലെ ഡി.എ. 1/859/2017/തസ്വഭവ ാം നം സർക്കുലറിൽ പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും ചെയ്യാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നിലവിലെ റോഡിന്റെ പരിപാലനത്തിന്റേയും സംരക്ഷണത്തിന്റേയും ഭാഗമായി മാത്രമേ കോൺക്രീറ്റിംഗും ടാറിംഗും നടത്താവൂ എന്നും സർക്കുലറിൽ പറയുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ റോഡിൽ മെറ്റലിംഗ്,ടാറിംഗ് പ്രവൃത്തികൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് തൻവർഷം നിർവ്വഹിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്റ്റ് നം	പ്രവൃത്തിയുടെ പേര്	ട്രഷറി ബിൽ നം./ ചെലവഴിച്ച തുക	ചെയ്ത പ്രവൃത്തി
1.	51/18	ദാവീദ് പാറയിൽ റോഡ് മെറ്റലിംഗ്,ടാറിംഗ്	37/31.1.18; 375000	മണ്ണ് റോഡിൽ സോളിംഗ്, മെറ്റിലിംഗ്, ടാറിംഗ്
2.	104/18	എൽ.എഫ്.സ്റ്റേഡിയം റോഡ് മെറ്റലിംഗ്,ടാറിംഗ്	38/31.1.18; 300000	"
3.	111/18	പാമ്പുങ്ങൽ റോഡ്ഫസ്റ്റ് &സെക്കന്റ് മെറ്റലിംഗ്,ടാറിംഗ്	39/31.1.18; 223000	"
4.	49/18	കല്ലിങ്ങൽ റോഡ് ഫസ്റ്റ് &സെക്കന്റ് മെറ്റലിംഗ്,ടാറിംഗ്	35/31.1.18; 345000	"

പദ്ധതി മാർഗ്ഗരേഖയുടെ അനുബന്ധം-3 പ്രകാരം പദ്ധതിയുടെ വിഭവസ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക,തയ്യാറാക്കിയ പ്രൊജക്ടുകളുടെ നിയമസാധുതയും കൃത്യതയും ഉറപ്പുവരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്യുക എന്നിവ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകളാണ്. ആയതിന്റെ അടിസ്ഥാനത്തിലാണ് ഭരണസമിതി പദ്ധതി അംഗീകരിക്കുന്നത്. ഇത്തരത്തിൽ ഫണ്ട് വകയിരുത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രവർത്തനങ്ങളിൽ നിന്നും വ്യതിചലിച്ചാണ് **ധന**കാര്യകമ്മീഷൻ ഗ്രാന്റ് തുക വകയിരുത്തിയിരിക്കുന്നത്. ഇക്കാര്യം ഭരണസമിതിയുടെയും ധനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയുടേയും ശ്രദ്ധയിൽ പെടുത്തുന്നു.

3-18 സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

1.7.2017 നു മുമ്പ് പൂർത്തിയാക്കപ്പെട്ട കെട്ടിട നിർമ്മാണ,അറ്റകുറ്റപ്രവൃത്തികളിൽ തൻ വർഷം സേവന നികുതി കരാറുകാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ കരാറുകാർ സേവനനികുതി രജിസ്ട്രേഷൻ എടുത്തതിന്റേയോ സേവനനികുതി അടച്ചതിന്റേയോ രേഖകൾ ഹാജരാക്കിയില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	പ്രൊജക്റ്റ് നം/പേര്	കരാറുകാരന്റെ പേര്	സേവന നികുതി (10.5%)	ട്രഷറി ബിൽ നം./ ചെലവഴിച്ച തുക
1.	74/18,ഐനിക്കാട് കമ്മ്യൂണിറ്റി ഹാൾ നവീകരണം	ഇ.സി.ലൈജു	18958	10/30.6.17; 199507
2.	118/18,കൃഷിഭവൻ പുനരുദ്ധാരണം	സിജോ ജോൺ	37995	18/29.7.17; 399851
3.	68/18.പോന്നോർ കമ്മ്യൂണിറ്റിഹാൾ നവീകരണം	സിജോ ജോൺ	26060	24/30.8.17; 274457

തൻവർഷം സേവനനികുതിയിനത്തിൽ കരാറുകാർക്ക് നൽകിയ തുക അടച്ചതിന്റെയും ,കരാറുകാർ രജിസ്ട്രേഷൻ നടത്തിയതിന്റേയും രേഖകൾ ഹാജരാക്കേണ്ടതാണ്.

3-19 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തോളൂർ സർക്കിൾ) നടപ്പിലാക്കിയ ലൈഫ് പദ്ധതിയിലെ വീടിന് മുഴുവൻ ധനസഹായം നൽകിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ 2 ഗുണഭോക്താക്കൾക്കായി നാല് ലക്ഷം രൂപയാണ് പദ്ധതി വിഹിതമായി മാറ്റിവച്ചിരുന്നത് . അതിൽ ഒരു ഗുണഭോക്താവായ കമലം, പീടികയിൽ വീട് എന്നയാൾക്ക് പണം ലഭിക്കുകയും വീടിന്റെ പണി പൂർത്തീകരിക്കുകയും ടിയാരി വീട്ടിൽ താമസിക്കുകയും ചെയ്തിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നംപർ 10 ന് ലഭിച്ച മറുപടിപ്രകാരം മറ്റൊരു ഗുണഭോക്താവായ ജെസ്സി w/oജെയിംസ് പൊരത്തൂർ വീട് എന്നവർക്ക് 1,60,000/- രൂപ കൂടി നൽകാൻ ബാക്കിയുണ്ടായിരുന്നെന്നും ആയത് 2018-19 വർഷത്തിൽ നൽകിയിട്ടുണ്ടെന്നും വീടിന്റെ പണി ഭാഗികമായി പൂർത്തികരിച്ചിട്ടുണ്ടെന്നും പ്രസ്താവിച്ചിരുന്നു. എന്നാൽ ഗുണഭോക്താവ് പ്രസ്തുതവീട്ടിൽ താമസം തുടങ്ങിയതായി രേഖപ്പെടുത്തിയിട്ടില്ല
ആയതിനാൽ വീടിന് നമ്പർ നല്കി എത്രയും വേഗം ഗുണഭോക്താവിന് അതിൽ താമസിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

3-20 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടക്കളത്തൂർ സർക്കിൾ) നടപ്പിലാക്കിയ പദ്ധതികളുടെ അപാകത

i) sc വീട് പുനരുദ്ധാരണം എന്ന പദ്ധതിക്കു വേണ്ടി പന്ത്രണ്ട് ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ടെങ്കിലും ഏഴ് ലക്ഷം രൂപ മാത്രമെ ചെലവഴിച്ചതായി കാണുന്നുള്ളൂ.
ഓഡിറ്റ് എൻക്വയറി നമ്പർ 13 ന് ലഭിച്ച മറുപടി പ്രകാരം 16 പേർക്ക് 75,000/- രൂപ വീതം നൽകുന്നതിനാണ് ഈ പദ്ധതി പ്രകാരം വിഭാവനം ചെയ്തിരുന്നത്. എന്നാൽ 13 പേർ മാത്രമെ ഇതുമായി സഹകരിക്കാൻ മുന്നോട്ടു വന്നിട്ടുള്ളു എന്നും അതിൽ 5 പേർ പണി മുഴുവൻ പൂർത്തികരിച്ചുവെന്നും മറ്റുള്ളവർ പണിയുടെ വിവിധ സ്റ്റേജുകളിൽ ആണെന്നും പ്രസ്താവിച്ചിരിക്കുന്നു.
സമൂഹത്തിൽ ഇപ്പോഴും വലിയ തോതിൽ പിന്നോക്കാവസ്ഥയിലുള്ള വിഭാഗത്തിലുള്ള ജനങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കളെ കണ്ടെത്താനും അവരെക്കൊണ്ട് അത് പൂർത്തികരിപ്പിക്കാനും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും കൂടുതൽ ഫലവത്തായ ഇടപെടലുകൾ ആവശ്യമാണെന്നും ഓഡിറ്റ് അഭിപ്രായപ്പെടുന്നു.
ii) പ്രൊജക്റ്റ് നം.28/18,98/18 എന്നീ പദ്ധതികളിൽ ഗുണഭോക്താക്കളെ നിർദ്ദേശിച്ചു കൊണ്ടുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്.
iii)ഗുണഭോക്താക്കൾക്ക് ബാങ്കുകളിലേക്ക് പണം കൈമാറിയിട്ടുണ്ടെന്ന് പറയുന്നുണ്ടെങ്കിലും ആയത് ഗുണഭോക്താവിന് ബാങ്കിൽ കിട്ടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ ബാങ്കിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് അവർ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പദ്ധതി പേര്, നം.	ചെലവഴിച്ച തുക	നീക്കിയിരിപ്പ്

ബ്ലോക്ക് പഞ്ചായത്ത്	2017-18	2,00,000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	0	2,00,000/-
		80,000/-	പാലിയേറ്റിവ് കെയർ പദ്ധതി	80,000/-	0
		2,00,000/-	ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി	2,00,000/-	0
		1,10,000/-	കിണർ റീചാർജ്ജിങ്ങ്	76,500/-	33,500/-
ജില്ലാപഞ്ചായത്ത്	2017-18	2,50,000/-	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	1,97,200/-	52,800/-
		1,50,000/-	ക്ഷീരസഹകരണസംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി	1,50,000/-	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	കടാംതോട് പള്ളിക്കുളം കുടിവെള്ളപദ്ധതി നവീകരണം	21701047 തീയതി 18.01.18	867500	-	867500

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000
തൻവർഷം നിക്ഷേപിച്ച തുക	0
ആകെ	5000
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>

ക്രമ നം	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തിയതി	കാലയളവ്	തുക	റിമാർക്ക്സ്
1.	തൃശ്ശൂർ കോഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽസ് ലിമിറ്റഡ്	ഷെയർ നം.192/7.9.1985		5000	
ആകെ				5000	

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4005 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ തിയ്യതി
2015-16	2(2)	360	സെക്രട്ടറി, തോളൂർ ഗ്രാമപഞ്ചായത്ത്	117010100588/3.7.17
‘’	‘’	540	,’	117010100598/4.7.17
‘’	‘’	900	,,	117010100604/5.7.17
‘’	‘’	300	‘’	117010100619/6.7.17
‘’	‘’	240	‘’	117010100661/13.7.17
‘’	‘’	540	‘’	117010100680/15.8.17
‘’	‘’	100	‘’	117010100589/3.7.17
‘’	‘’	100	‘’	117010100599/4.7.17
‘’	‘’	100	‘’	117010100612/5.7.17
‘’	‘’	100	‘’	117010100631/7.7.17
,,	,,	100	,,	117010100679/15.7.17
,,	,,	300	,,	117010100713/20.7.17
,,	,,	100	,,	117010100882/17.8.17
2016-17	,,	225	,,	117010103768/23.2.18
ആകെ		4005		

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-2015	അനുബന്ധം-4	2016-2017	2 . 2	തൊഴിൽ നികുതി	നികുതി അടവാക്കിയിട്ടുണ്ട്.
2015-2016	അനുബന്ധം-5	2016-2017	2 . 1	തൊഴിൽ നികുതി	നികുതി അടവാക്കിയിട്ടുണ്ട്.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	45738456
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	47361806
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	50,000
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	3135517

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	-	50000	ഹരിനാരായണൻ, അസി. സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-3(1)	337480	ശ്രീ.ഹരിനാരായണൻ,അസി.സെക്രട്ടറി
3-3(3)	51920	ശ്രീ.ഹരിനാരായണൻ,അസി.സെക്രട്ടറി
3-10	2439208	ശ്രീ.ഉണ്ണികൃഷ്ണൻ.കെ.,സെക്രട്ടറി
3-15	306909	ശ്രീമതി നിമിഷ.വി.കൃഷ്ണൻ, അസി. എഞ്ചിനീയർ
ആകെ	3135517	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.ഹരിനാരായണൻ.ഇ.എൻ, അസി.സെക്രട്ടറി	അസി.സെക്രട്ടറി, തോളൂർഗ്രാമപഞ്ചായത്ത്	ഇരവിമംഗലത്ത് മന, വില്ലടം.പി.ഒ., തൃശ്ശൂർ
ശ്രീ.ഉണ്ണിക്കൃഷ്ണൻ.കെ.	സെക്രട്ടറി, റിട്ടയേഡ്	കൃഷ്ണാമൃതം, പുറനാട്ടുകര.പി.ഒ., തൃശ്ശൂർ
ശ്രീമതി.നിമിഷ.വി.കൃഷ്ണൻ	അസി.എഞ്ചിനീയർ	വലിയവീട്ടിൽ വീട്, കുരിയച്ചിറ.പി.ഒ., തൃശ്ശൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1966-67	എൽ.എഫ്.ഇ(1)/5717/ 73/ 30.3.74
1972-73	എൽ.എഫ്.ഇ(2)/1890/ 75/ 25.12.75
1973-74	എൽ.എഫ്.ഇ(1)/457/ 76/ 24.2.76
1974-75	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1979-80	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1981-82	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1982-83	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1983-84	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1984-85	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1985-86	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1986-87, 87-88	എൽ.എഫ്.ടി.എസ്. 1039/11,18.10.11
1988-89, 89-90	എൽ.എഫ്.ഇ(2)/1624 /97(15) / 05.11.97
1990-91	എൽ.എഫ്.ഇ(2)/1624 /97(16) / 05.11.97

1991-92	എൽ.എഫ്.ഇ(2)/590/ 95/ 24.6.96
1992-93, 93-94	എൽ.എഫ്.ഇ(2)/1905/ 97/19.1.98
1994-95, 95-96, 96-97	എൽ.എഫ്.ടി.എസ്. 2-1039/ 11, 18.10.11
1997-98	എൽ.എഫ്.ടി. 18-587/ 02(2)/ 5.7.02
1998-99(വരവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1998-99(ചെലവ്)	എൽ.എഫ്.ടി. 12-197/ 04/ 20.8.04
1999-2000	എൽ.എഫ്.ടി. 12-1012/ 2003/ 6.2.04
2000-01, 01-02 (പ്ലാൻ)	എൽ.എഫ്.ടി. 12-1419/ 2003/ 3.3.07
2001-02	എൽ.എഫ്.ടി. 12-437/ 08/ 18.7.09/ 29.9.09
2002-03	എൽ.എഫ്.ടി. 12-436/ 08/ 18.7.09/ 29.9.09
2003-04	എൽ.എഫ്.ടി. 12-2663/ 08/ 8.3.10/ 13.5.10
2004-05	എൽ.എഫ്.ടി. 12-2664/08/ 8.3.10/ 13.5.10
2005-06	എൽ.എഫ്.ടി. 12-590/ 10/ 6.9.10
2006-07	എൽ.എഫ്.ടി. 12-591/ 10/ 6.9.10
2007-08	എൽ.എഫ്.ടി.പി 3 – 963/ 12/ 29.9.12
2008-09	എൽ.എഫ്.ടി.പി 3 –964/ 12/ 29.9.12/4.12.12
2009-10	എൽ.എഫ്.ടി.പി 3 –965/ 12/ 29.9.12/8.2.13
2010-11	എൽ.എഫ്.ടി.പി 3 – 966/ 12/ 29.9.12/8.2.13
2011-12	എൽ.എഫ്.ടി.പി 3 –1108/ 13/ 3.12.13/ 8.1.14
2012-13	എൽ.എഫ്.ടി.പി 3 –337/ 14/ 28.10.14/ 10.12.14
2013-14	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-289/15 തീ. 16.07.15/13.10.15
2014-15	കെ.എസ്.എ.ടി.എസ്.ആർ.(പി 3)-1047/16 തീ. 2.7.16/21.7.16
2015-16	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 07/17 തീ. 30.01.17
2016-17	കെ.എസ്.എ.ടി.എസ്.ആർ.(പി 3)- 1312/17 തീ. 04.12.17/15.12.17

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **തോളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **തോളൂർ ഗ്രാമപഞ്ചായത്തിന്റെ** 2017-18 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-2
ഓഡിറ്റ് സംക്ഷിപ്തം

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം(AuditedAbstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ